(സി) ഹയർസെക്കന്ററി വകുപ്പിൽ ജോലിചെയ്യുന്ന മറ്റു വകുപ്പുകളിലെ ജീവനക്കാരെ അവരുടെ ലാവണങ്ങളിലേക്ക് തിരിച്ചയയ്ക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് ;

(ഡി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ എയ്ഡഡ് കോളേജിൽ നിന്നും 2 പേർ, റവന്യൂ വകുപ്പിൽ നിന്നും ഒരാൾ, സെക്രട്ടേറിയറ്റിൽ നിന്നും 18 പേർ, റീജിയണൽ ഡയറക്ടറേറ്റിൽ സെക്രട്ടേറിയറ്റിൽ നിന്നും ഒരാൾ.

(ബി) പരിഗണനയിലില്ല.

(സി&ഡി) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ സർവ്വകലാശാലകളിൽ നിന്നും ജോലി നോക്കി വന്നിരുന്ന ജീവനക്കാരെ 27-4-2015 -ലെ ജി.ഒ.(എം.എസ്.) നമ്പർ96/15/ പൊ.വി.വ. ഉത്തരവ് പ്രകാരം വകുപ്പിൽ തുടരാൻ താൽപ്പര്യമുള്ള പക്ഷം വകുപ്പിൽ അബ്സോർബ് ചെയ്യുന്നതിനും അല്ലാത്തവരെ വിടുതൽ ചെയ്യുന്നതിനും ഉത്തരവായതനുസരിച്ച് 33 യൂണിവേഴ്സിറ്റി ജീവനക്കാർ മാതൃസ്ഥാപനത്തിലേയ്ക്ക് 31-5-2015 തീയതി പ്രാബല്യത്തിൽ വകുപ്പിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. 16 യൂണിവേഴ്സിറ്റി ജീവനക്കാരെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ റെഗുലറൈസ് ചെയ്തിട്ടുണ്ട്. ഡെപ്യൂട്ടേഷനിലും മറ്റും ഇപ്പോഴും തുടരുന്ന ജീവനക്കാരെ വകുപ്പിൽ പ്രൊമോഷനിലൂടെയും മറ്റും സ്ഥിരനിയമനം നടത്തുന്നമുറയ്ക്ക് തിരിച്ചയയ്ക്കുന്നതാണ്.

ഹയർസെക്കന്ററി ഡയറക്ടറേറ്റിന്റെ പ്രവർത്തനം

40 (5109) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവശ്യത്തിന് ജീവനക്കാരില്ലാത്തതു കാരണം ഹയർസെക്കന്ററി ഡയറക്ടറേറ്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരീക്ഷ നടത്തിപ്പ്, ഫലം പ്രസിദ്ധീകരിക്കൽ, മാർക്ക് ലിസ്റ്റ് നൽകൽ, സർട്ടിഫിക്കറ്റുകളിലെ തിരുത്തലുകൾ തുടങ്ങി സമയബന്ധിതമായി തീർക്കേണ്ട ജോലികൾ ജീവനക്കാരുടെ കുറവുമൂലം കൃത്യതയോടെ നടത്താൻ നിലവിലുള്ള ജീവനക്കാർ പ്രയാസപ്പെടുകയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ ആവശ്യങ്ങൾക്കായി ഡയറക്ടറേറ്റിൽ എത്തുന്ന വിദ്യാർത്ഥികളും രക്ഷിതാക്കളും ഇതുമൂലമുള്ള പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഹയർസെക്കന്ററി ഡയറക്ടറേറ്റ് രൂപീകരിച്ച ശേഷമുണ്ടായിട്ടുള്ള അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പരീക്ഷകളുടെയും വർദ്ധനവിന് ആനുപാതികമായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;

(ഇ) വിവിധ സർവ്വകലാശാലകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിതരായ ഉദ്യോഗസ്ഥരെ തിരിച്ചയച്ച ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) നിലവിലുള്ള അർഹരായ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനും ഒഴിവുവരുന്ന തസ്തികകളിൽ നിയമനാനുസൃതം നിയമനം നടത്തുന്നതിനും തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. മതിയായ ജീവനക്കാർ ഇല്ലാത്തതു കാരണം ദിവസവേതനക്കാരുടെ സേവനം ഉപയോഗിക്കാറുണ്ട്. 13-7-2015-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 5289/2015/പൊ.ഭ.വ. പ്രകാരം സെക്രട്ടേറിയറ്റിൽ നിന്നും 19 ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നിയമിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഉണ്ട്. 13-7-2015-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 5289/2015/പൊ.ഭ.വ. പ്രകാരം സെക്രട്ടേറിയറ്റിൽ നിന്നും 19 ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നിയമിച്ചിട്ടുണ്ട്.

(എഫ്) നടപടികൾ സ്വീകരിച്ചുവരുന്നു.

ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ പാഠപുസ്തകവും പഠനസഹായിയും

41 (5110) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പൺ സ്കൂൾ രണ്ടാംവർഷ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പാഠപുസ്തകവും പഠനസഹായിയും ഇതുവരെ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly